# مسائل في الصيام

## വ്രതാനുഷ്ഠാനം

# ചില പ്രശ്നങ്ങൾ

( باللغـة المليباريـة )

ترجمة:

المركز الإصلاحي الهندي بالرياض

വിവർത്തനം & ടൈപ്പ് സെറ്റിംഗ്:

റിയാദ് ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

www.islamhouse.com

١٤٢٨هـ - ٢٠٠٧م

المكتب التعاوني للدعوة وتوعية الجاليات بالربوة

Islamic Propagation Office in Rabwah

P.O.Box 29465 RIYADH 11457 – TEL 4454900 – 4916065

FAX: 4970126 - E-Mail: rabwah@islamhouse.com

http://www.islamhouse.com

الحمد لله ، والصلاة والسلام على رسول الله ، وبعد:

# വ്രതാനുഷ്ഠാനം ചില പ്രശ്നങ്ങൾ

## നോമ്പ് എന്നാൽ

❖ 'സ്വൗമ്' صوم എന്ന അറബി പദത്തിന് പിടിച്ചു നിർത്തുക എന്നാണ് ഭാഷാർത്ഥം. രണ്ടാം പ്രഭാതോദയം മുതൽ സൂര്യാസ്തമയം വരെ നോമ്പാണെന്ന ഉദ്ദേശ്യത്തോടെ (നിയത്ത്) നോമ്പിനെ ദുർബലപ്പെടുത്തുന്ന കാര്യങ്ങളിൽ നിന്നും വിട്ട് നിൽക്കുക എന്നതാണ് സാങ്കേതികമായി ഉദ്ദേശിക്കുന്നത്.

## നോമ്പ്- ചില ഗുണങ്ങൾ

❖ റമാളാൻ മാസത്തിലെ നോമ്പ് നിർബന്ധമാണ് എന്നതിൽ മുസ്‌ലിം സമുദായം ഏകോപിച്ചിരിക്കുന്നു.

❖ വ്രതത്തിൽ യുക്തിയും ധാരാളം ഗുണങ്ങളുമുണ്ട്. അതിന്റെ അടിസ്ഥാനം തഖ്‌വയാണ്. അത് ഹറാമിൽ നിന്നും വിട്ടു നിൽക്കാൻ അവനെ സജ്ജനാക്കാൻ ഏറ്റവും പര്യാപ്തമായതാണ്. നോമ്പ് പിശാചിനെ പരാജയപ്പെടുത്താനും ദേഹേച്ഛകളെ ഇല്ലാതാക്കാനും അവയവങ്ങളെ സംരക്ഷിക്കാനും പ്രചോദനമേകുന്നു.

## നോമ്പിന്റെ മര്യാദകൾ

❖ അത്താഴത്തിന്റെ കാര്യത്തിൽ പ്രത്യേക താൽപര്യം കാണിക്കുന്നതും അതിനായി വൈകിപ്പിക്കുന്നതും, നോമ്പ് തുറക്കാൻ ധ്യതി കൂട്ടുന്നതും സുന്നത്താണ്.

❖ നോമ്പ് തുറന്ന് കഴിഞ്ഞാൽ നബി (സ) ഇപ്രകാരം പറയാറുണ്ടായിരുന്നു:

ذهب الظمأ وابتلت العروق وثبت الأجر إن شاء الله

❖ നോമ്പുകാരൻ അനാവശ്യമായ സംസാരങ്ങളിൽ നിന്നും വിട്ടുനിൽക്കണം. ഏഷണിയും പരദൂഷണവും കളവും വഞ്ചനയും അരുത്. ആരോടും കയർക്കുകയോ ശണ്ഠ കൂടുകയോ ചെയ്യരുത്. അവയെല്ലാം തന്നെ നോമ്പിന്റെ ഫലം നഷ്ടപ്പെടുത്തിക്കളയുന്നതാണ്.

❖ നബി (സ) പറഞ്ഞു: 'ദുഷിച്ച വാക്കുകളും പ്രവർത്തികളും ഉപേക്ഷിക്കാത്തവൻ, നോമ്പിന്റെ പേരിൽ അന്ന പാനീയങ്ങൾ വെടിയുന്നതിൽ അല്ലാഹുവിന് യാതൊരു താൽപര്യവുമില്ല'.

## നിർബന്ധമാവുന്നത് ആർക്കെല്ലാം

❖ പ്രായപൂർത്തിയെത്തിയ, ബുദ്ധിയുള്ള, നാട്ടിൽ താമസിക്കുന്ന, നോമ്പ് നോൽക്കാൻ കഴിവുള്ള, ആർത്തവം, പ്രസവം പോലെയുള്ള പ്രതിബന്ധങ്ങളിൽ നിന്നും മുക്തമായ എല്ലാ മുസ്‌ലിമിനും നോമ്പ് നോൽക്കൽ നിർബന്ധമാണ്. കുട്ടികൾക്ക് ഏഴു വയസ്സായാൽ, അവർക്കു സാധിക്കുമെങ്കിൽ നോമ്പ് പിടിക്കാൻ ആവശ്യപ്പെടണം. പത്ത് വയസ്സായിട്ടും നോമ്പ് പിടിക്കുന്നില്ലെങ്കിൽ നമസ്കാരത്തിന്റെ കാര്യത്തിലെന്നപോലെ അടിക്കണമെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. കുട്ടികൾ നോമ്പെടുക്കുന്നതിന്റെ പ്രതിഫലം അവർക്കു തന്നെയാണ്. മാതാപിതാക്കൾക്ക് അവരെ സംസ്കരിച്ചെടുത്തതിന്റെ പ്രതിഫലവും.

❖ ഭ്രാന്തനിൽ നിന്നും പേന ഉയർത്തപ്പെട്ടിരിക്കുന്നു. ഇനി ഇടക്ക് ഭ്രാന്തിളകുകയും ഇടക്ക് ഉണരുകയും

ചെയ്യുന്ന ആളാണെങ്കിൽ, സുഖപ്പെടുന്ന സമയത്ത് അവൻ നോമ്പനുഷ്ഠിക്കണം.

❖ റമളാനിന്റെ ഇടയിൽ ഒരാൾ മരിച്ചാൽ, അയാൾക്കോ അയാളുടെ ബന്ധുക്കൾക്കോ, ആ മാസത്തിൽ ബാക്കിയുള്ള നോമ്പിൽ യാതൊരു ബാധ്യതയുമില്ല.

## യാത്രക്കാർ

❖ യാത്രയിൽ നോമ്പ് ഒഴിവാക്കാൻ ഏതാനും നിബന്ധനകൾ യോജിക്കേണ്ടതുണ്ട്. യാത്ര എന്നു പറയാവുന്ന ഒരു ദൂരം ഉണ്ടായിരിക്കുക. ഒരു രാജ്യം അതിനിടയിലുള്ള പ്രദേശങ്ങളോടെ വിട്ടുകടക്കുക. യാത്ര കുറ്റകരമായ ഒരു കാര്യത്തിലല്ലാതിരിക്കുക, യാത്ര പോവുന്നത് നോമ്പ് ഒഴിവാക്കാനുള്ള ഒരു തന്ത്രമായി കരുതാതിരിക്കുക എന്നിവയാണത്. റമളാനിൽ യാത്രക്ക് തീരുമാനിക്കുന്ന വ്യക്തി, യാത്ര പുറപ്പെടുമ്പോഴല്ലാതെ താൻ നോമ്പ് മുറിക്കുന്നുവെന്ന് കരുതാൻ പാടില്ല. കാരണം ചിലപ്പോൾ വല്ല കാരണങ്ങളാലും അയാളുടെ യാത്രക്ക് ഭംഗം നേരിട്ടേക്കാം. യാത്രക്കാർ തന്റെ നാടിന്റെ അതിർത്തി വിട്ടുകടന്ന ശേഷമേ നോമ്പ് മുറിക്കാവൂ.

❖ ഒരാൾ ഒരു നാട്ടിൽ എത്തുകയും ശേഷം നാലു ദിവസത്തിൽ കൂടുതൽ അവിടെ നിൽക്കാൻ തീരുമാനിക്കുകയും ചെയ്താൽ അയാൾ നോമ്പ് നോൽക്കൽ നിർബന്ധമാണ്. ഇതാണ് ഭൂരിപക്ഷ പണ്ഡിതൻമാരുടെയും അഭിപ്രായം. പുറം നാട്ടിലേക്ക് പഠനത്തിനും മറ്റും പോയി മാസങ്ങളോ വർഷങ്ങളോ അവിടെ നിൽക്കുന്ന ഒരാൾക്ക് ആ നാട്ടുകാരന്റെ അതേ നിയമം ബാധകമാണ്. നാല് ഇമാമുകളടക്കം ഭൂരിപക്ഷം പണ്ഡിതൻമാരുടെയും അഭിപ്രായം ഇതാണ്.

നോമ്പ് നോൽക്കലും നമസ്കാരം പൂർണ്ണമാക്കലും അയാൾക്ക് നിർബന്ധമാണ്. ഒരാൾ നാട്ടിൽ ഉള്ളപ്പോൾ നോമ്പ് ആരംഭിക്കുകയും ശേഷം ആ പകലിൽ തന്നെ യാത്ര പോവുകയും ചെയ്താൽ നോമ്പ് ഒഴിവാക്കൽ അയാൾക്ക് അനുവദനീയമാണ്.

❖ മുസ്‌ലിംകളുടെ നന്മക്ക് ആവശ്യമായ ഒരു സന്ദേശവാഹകനെപ്പോലെ പതിവായി യാത്രയിൽ ഉള്ള ഒരു വ്യക്തിക്കും ടാക്സി ഡ്രൈവർമാർ, ഉദ്യോഗസ്ഥർ, വിമാന ജോലിക്കാർ പോലെ ദിനേന യാത്രയിലുള്ള ആളുകൾക്കും നോമ്പ് മുറിക്കാവുന്നതാണ്. ശേഷം അവർ നോറ്റ് വീട്ടണം.

❖ ഒരാൾ പകൽ സമയം യാത്ര കഴിഞ്ഞ് തിരിച്ചെത്തിയാൽ അയാൾ നോമ്പുകാരനെപ്പോലെ കഴിയണമെന്നാണ് പണ്ഡിതൻമാരുടെ വീക്ഷണം. ഏറ്റവും നല്ലത് റമളാനിന്റെ പവിത്രതയെ കാത്ത് സൂക്ഷിക്കാൻ വേണ്ടി അങ്ങിനെ ചെയ്യലാണ്. ഇനി അയാൾ അങ്ങിനെ ചെയ്താലും ഇല്ലെങ്കിലും നോമ്പ് നോറ്റ് വീട്ടൽ നിർബന്ധമാണ്.

❖ ഒരു നാട്ടിൽ നോമ്പ് ആരംഭിക്കുകയും, അതിനു മുമ്പോ അതിനു ശേഷമോ നോമ്പ് ആരംഭിച്ച ഒരു നാട്ടിലേക്ക് ഒരാൾ യാത്ര പോവുകയും ചെയ്താൽ താൻ യാത്ര പോയ നാട്ടിലെ കണക്കനുസരിച്ചാണ് അയാൾ നോമ്പ് പിടിക്കേണ്ടത്. അവർ നോമ്പ് അവസാനിപ്പിക്കുമ്പോഴെ ഇയാളും അവസാനിപ്പിക്കാവൂ. അത് മുപ്പതിൽ കൂടുതൽ ആയാലും ശരി. അത് 29 ദിവസത്തിൽ കുറഞ്ഞാൽ പെരുന്നാളിന് ശേഷം അയാൾ ആ എണ്ണം പൂർത്തിയാക്കണം. കാരണം ഹിജ്റ മാസങ്ങൾ 29ൽ കുറയില്ല.

## രോഗികൾ

❖ നോമ്പ് മുഖേന ഒരാൾക്ക് ബോധക്ഷയമുണ്ടായാൽ അയാൾക്ക് നോമ്പ് മുറിക്കാവുന്നതാണ്. ശേഷം അയാൾ നോറ്റ് വീട്ടണം. പകലിനിടക്ക് ബോധക്ഷയം ഉണ്ടാവുകയും സൂര്യാസ്തമനത്തിനു മുമ്പോ ശേഷമോ ഉണരുകയും ചെയ്താൽ, അയാൾ നോമ്പുകാരനായി തുടർന്നുവെങ്കിൽ നോമ്പ് ശരിയാണ്. ക്ഷീണമോ രോഗമോ ഉണ്ടാകുമെന്ന ഊഹത്തിന്റെ അടിസ്ഥാനത്തിലും, കഠിനമായ ജോലികൾ ചെയ്യുന്നവർക്കും നോമ്പ് മുറിക്കാൻ പാടില്ല. രാത്രിയിൽ തന്നെ അവർക്കും നിയ്യത്ത് ഉണ്ടാവേണ്ടതാണ്. ഇനി അവർക്ക് ബുദ്ധിമുട്ടുണ്ടാവുമെങ്കിൽ അവർ ജോലി ഉപേക്ഷിക്കുകയാണ് വേണ്ടത്. ജോലി കാരണം പകലിൽ ക്ഷീണാധിക്യത്താൽ അവർക്ക് വല്ല അപകടവും സംഭവിക്കുമെന്ന് ഭയപ്പെട്ടാൽ അവർക്ക് നോമ്പ് മുറിക്കാം. ശേഷം നോറ്റ് വീട്ടണം. വിദ്യാർത്ഥികളുടെ പരീക്ഷകൾ നിമിത്തം നോമ്പ് ഒഴിവാക്കാവതല്ല.

❖ രോഗം സുഖപ്പെടുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന രോഗി ഭേദമാകുന്നത് വരെ കാത്തിരിക്കുകയും ശേഷം നോറ്റുവീട്ടുകയും വേണം. പ്രായശ്ചിത്തമായി ഭക്ഷണം നൽകൽ മതിയാവുകയില്ല. എന്നാൽ രോഗം സുഖപ്പെടുമെന്ന് പ്രതീക്ഷയില്ലാത്ത രോഗി, അതുപോലെ അങ്ങേയറ്റം പ്രായമായ കിഴവൻ, ഓരോ ദിവസത്തിനും പകരമായി ഓരോ സാധുവിന് ഭക്ഷണം നൽകണം. അതാതു നാട്ടിലെ മുഖ്യാഹാരമാണ് നൽകേണ്ടത്. അത് അര സ്വാഅ് അഥവാ ഒന്നര കിലോ അരിയോളം വരും. പ്രായശ്ചിത്ത ഭക്ഷണം ഒരുമിച്ച് കൂട്ടുകയും മാസാവസാനത്തിൽ ഒന്നിച്ച് പാവങ്ങൾക്ക് നൽകുക

യും ചെയ്യുന്നതിൽ വിരോധമില്ല. എല്ലാ ദിവസവും ഓരോ സാധുവിന് ഭക്ഷണം കൊടുക്കുന്നതിലും വിരോധമില്ല.

❖ രോഗം സുഖപ്പെടുകയും, നോറ്റു വീട്ടാൻ സാധ്യമായിരിക്കെ വീട്ടുകയും ചെയ്യാതെ ഒരാൾ മരണപ്പെട്ടാൽ അയാളുടെ സ്വത്തിൽ നിന്നും ഓരോ ദിവസത്തിനും പകരം ഓരോ സാധുവിന് ഭക്ഷണം കൊടുക്കണം. അയാളുടെ അടുത്ത ബന്ധുക്കൾ ആരെങ്കിലും നോമ്പ് നോറ്റ് വീട്ടാൻ ആഗ്രഹിക്കുന്നുവെങ്കിൽ അപ്രകാരം ചെയ്യാവുന്നതാണ്.

❖ ആരോഗ്യം പാടെ ക്ഷയിച്ചവരും, ദിനംപ്രതി മരണത്തിലേക്ക് അടുത്തുകൊണ്ടിരിക്കുന്ന ശക്തി ക്ഷയിച്ച കിഴവൻമാരും നോമ്പ് നോൽക്കേണ്ടതില്ല. നോമ്പ് നോൽക്കാൻ പ്രയാസമായി തോന്നുമ്പോഴെല്ലാം അവർക്ക് നോമ്പ് ഒഴിവാക്കാവുന്നതാണ്. അവർ ഓരോ ദിവസത്തിനും ഓരോ സാധുവിന് ഭക്ഷണം നൽകണം. എന്നാൽ വകതിരിവ് നഷ്ടപ്പെടുകയും ബുദ്ധിയില്ലായ്മയുടെ പ്രായം എത്തുകയും ചെയ്താൽ അയാൾക്കോ അയാളുടെ കുടുംബത്തിനോ നോമ്പിന്റെ കാര്യത്തിൽ യാതൊരു ബാധ്യതയുമില്ല. ചിലപ്പോൾ വകതിരിവ് നഷ്ടപ്പെടുകയും ചിലപ്പോൾ വിവേകം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥയാണെങ്കിൽ, വിവേകവും ഓർമ്മശക്തിയും ഉള്ള അവസരത്തിൽ നോമ്പ് നോൽക്കാൻ കഴിവുണ്ടെങ്കിൽ അയാൾക്ക് നിർബന്ധമാണ്. വകതിരിവ് നഷ്ടപ്പെടുന്ന സമയത്ത് നോമ്പ് നിർബന്ധമില്ല.

❖ ഒരു രോഗിയെപ്പോലെ നോമ്പ് ഒഴിവാക്കുന്നവന്റെ കാരണം പ്രത്യക്ഷമായതാണെങ്കിൽ അയാൾ

പ്രത്യക്ഷമായി ഭക്ഷണം കഴിക്കുന്നതിന് വിരോധമില്ല. എന്നാൽ ആർത്തവകാരിയെപോലെ രഹസ്യകാരണങ്ങൾ ഉള്ളവർ രഹസ്യമായി നോമ്പ് മുറിക്കുന്നതാണ് തെറ്റിദ്ധാരണ ഒഴിവാക്കാൻ ഉത്തമം.

## നിയ്യത്ത്

❖ റമദാൻ നോമ്പ് സ്വീകരിക്കപ്പെടാനുള്ള നിബന്ധനകളിലൊന്നാണ് നിയ്യത്ത്. (നോമ്പ് നോൽക്കുന്നുവെന്ന് കരുതൽ). നിയ്യത്ത് ഉച്ചരിക്കാൻ പാടില്ല. അത് ബിദ്അത്താണ്. ഫർദ് നോമ്പിന് രാത്രിയിൽ തന്നെ നിയ്യത്ത് ഉണ്ടായിരിക്കണം. അത് പ്രഭാദത്തിന് തൊട്ടുമുമ്പ് വരെ ആവാം.

❖ റമളാനിലെ നോമ്പുകാരൻ എല്ലാ ദിവസവും നിയ്യത്ത് പുതുക്കേണ്ടതില്ല. മാസത്തിന്റെ തുടക്കത്തിൽ ഒന്നിച്ച് നിയത്ത് വച്ചാൽ മതി. രോഗം നിമിത്തമോ യാത്ര നിമിത്തമോ നോമ്പ് മുറിക്കലിലൂടെ നിയ്യത്ത് മുറിക്കേണ്ടി വന്നാൽ അയാളുടെ പ്രതിബന്ധം നീങ്ങിയാൽ അയാൾ നിയ്യത്ത് പുതുക്കേണ്ടതാണ്.

❖ സാധാരണ സുന്നത്ത് നോമ്പുകൾക്ക് രാത്രിയിൽ നിയ്യത്ത് ആവശ്യമില്ല.

❖ റമളാനിൽ വിട്ടുപോയ നോമ്പുകൾ, നേർച്ച, പ്രായശ്ചിത്തം പോലെ വീട്ടൽ നിർബന്ധമായ നോമ്പുകൾ ബാധ്യതയുള്ളവർ അത് പൂർത്തിയാക്കൽ നിർബന്ധമാണ്. തക്കതായ കാരണം കൂടാതെ ആ നോമ്പുകൾ മുറിക്കാവതല്ല. എന്നാൽ സുന്നത്ത് നോമ്പുകളുടെ കാര്യത്തിൽ നോമ്പ് നോൽക്കുന്ന ആൾക്ക് തന്നെ സ്വയം തീരുമാനിക്കാവുന്നതാണ്. കാരണങ്ങളൊന്നുമില്ലെങ്കിലും പൂർത്തിയാക്കുകയോ മുറിക്കുകയോ ചെയ്യാം.

❖ പ്രഭാതോദയത്തിനു ശേഷമാണ് ഒരാൾ റമളാനിന്റെ ആഗമനം അറിഞ്ഞത് എങ്കിൽ, അയാൾ ബാക്കി സമയം നോമ്പുകാരനെപ്പോലെ പിടിച്ചു നിൽക്കുകയും ശേഷം നോറ്റ് വീട്ടുകയും വേണം.

## നോമ്പ് തുടങ്ങലും, തുറക്കലും

❖ സൂര്യന്റെ അവസാനത്തെ കിരണങ്ങളും മാഞ്ഞു കഴിഞ്ഞാൽ നോമ്പുകാരന് നോമ്പ് തുറക്കാം. ചക്രവാളത്തിൽ ശേഷമുള്ള ശോഭ മറയണമെന്നില്ല. നോമ്പ് തുറക്കാൻ ധൃതി കാണിക്കലാണ് സുന്നത്ത്. നബി (സ) അല്പം വെള്ളം കഴിച്ചുകൊണ്ടെങ്കിലും നോമ്പ് തുറന്നിട്ടല്ലാതെ മഗ്‌രിബ് നമസ്കരിക്കാറുണ്ടായിരുന്നില്ല. നോമ്പ് തുറക്കാൻ ഒരാൾക്ക് ഒന്നും കിട്ടിയില്ലെങ്കിൽ മനസ്സുകൊണ്ട് നോമ്പ് അവസാനിപ്പിച്ചതായി കരുതണം. സമയം ആവുന്നതിന് മുമ്പ് നോമ്പ് തുറക്കുന്നകാര്യം പ്രത്യേകം ജാഗ്രത കൈക്കൊള്ളേണ്ടതുണ്ട്.

❖ കിഴക്കെ ചക്രവാളത്തിൽ പ്രഭാതം ഉദയം ചെയ്താൽ ബാങ്ക് കേട്ടാലും ഇല്ലെങ്കിലും നോമ്പുകാരൻ നോമ്പ് തുടങ്ങൽ നിർബന്ധമാണ്.

## നോമ്പ് മുറിയുന്ന കാര്യങ്ങൾ

❖ സംയോഗം, മനപ്പൂർവ്വം ഛർദ്ദിക്കൽ, ആർത്തവം, കൊമ്പുവയ്ക്കൽ എന്നിവയെല്ലാം ശരീരത്തിൽ നിന്നും വസ്തുക്കൾ പുറംതള്ളുന്നതിലൂടെ നോമ്പ് മുറിയുന്ന കാര്യങ്ങളിൽ പെട്ടതാണ്. ഉള്ളിലേക്ക് നിറക്കുന്നതിലൂടെ നോമ്പ് മുറിയുന്ന കാര്യങ്ങളാണ് ഭക്ഷണം കഴിക്കലും കുടിക്കലുമൊക്കെ.

❖ അതുപോലെ മരുന്നുകൾ, ഗുളികകൾ എന്നിവ കഴിക്കുന്നതിലൂടെയും, ഭക്ഷണത്തിനു പകരമായി കൊടുക്കുന്ന ഇഞ്ചക്ഷൻ, ഗ്ലൂക്കോസ്, അതുപോലെ രക്തം എടുക്കൽ കയറ്റൽ കൊണ്ടെല്ലാം നോമ്പ് മുറി യുന്നതാണ്.

❖ ആരെങ്കിലും റമളാനിന്റെ പകലിൽ തക്കതായ കാരണം കൂടാതെ മനപ്പൂർവ്വം തിന്നുകയോ കുടിക്കു കയോ ചെയ്താൽ അവൻ വൻ പാപമാണ് ചെയ്ത ത്. അവൻ ഹറാമായ കാര്യത്തിനാണ് നോമ്പ് മുറിച്ച തെങ്കിൽ അവന്റെ മേൽ തൗബയും നോറ്റ് വീട്ടലും നിർബന്ധമാണ്.

❖ ഒരാൾ മറന്നുകൊണ്ട് തിന്നുകയോ കുടിക്കുകയോ ചെയ്യുന്നത് മറ്റുള്ളവർ കണ്ടാൽ അയാളെ ഓർമ്മിപ്പി ക്കണം.

❖ നോമ്പ് നിർബന്ധമുള്ള ഒരാൾ റമളാനിന്റെ പക ൽ മനപ്പൂർവ്വം സംയോഗം നടത്തി. ലിംഗം സ്ത്രീയു ടെ അവയവത്തിൽ മറഞ്ഞാൽ, സ്ഖലനം നടന്നാലും ഇല്ലെങ്കിലും അവൻ തന്റെ നോമ്പിനെ നാശമാക്കി. പശ്ചാത്തപിച്ച് മടങ്ങലും ആ ദിവസം നോമ്പുകാരനാ യി പൂർത്തിയാക്കലും ആ ദിവസത്തെ നോമ്പ് നോറ്റ് വീട്ടലും പ്രയാസമേറിയ പ്രായശ്ചിത്തം നിർവ്വഹിക്ക ലും അയാൾക്ക് നിർബന്ധമാണ്.

❖ സംയോഗം നടത്തിക്കൊണ്ടിരിക്കെ പ്രഭാതം പുല ർന്നാൽ നിർബന്ധമായും അയാൾ ഉടനെ അതിൽ നിന്നും വിരമിക്കണം. എങ്കിൽ അയാളുടെ നോമ്പ് ശരിയാകും. വിരമിച്ചതിനു ശേഷം ഇന്ദ്രിയം സ്ഖലി പ്പിക്കുകയോ, പ്രഭാതം പുലരുന്നത് വരെ സംയോഗം തുടരുകയോ ചെയ്താൽ അവൻ നോമ്പ് മുറിച്ചു.

അവന്ന് പശ്ചാത്താപവും, ആ നോമ്പിനെ നോറ്റ് വീട്ട ലും കടുത്ത പ്രായശ്ചിത്തവും നിർബന്ധമാണ്.

❖ വലിയ അശുദ്ധിയുള്ളവനായി ഒരാൾ നേരം വെളു പ്പിച്ചാൽ അതുകൊണ്ട് അയാളുടെ നോമ്പിന് കുഴപ്പ മില്ല. വലിയ അശുദ്ധിയുടെയും ആർത്തവത്തിന്റെയും പ്രസവത്തിന്റെയും കുളി പ്രഭാതോദയം വരെ വൈ കുന്നത് കൊണ്ട് വിരോധവുമില്ല. എന്നാൽ നമസ്കാ രത്തിന് വൈകാതിരിക്കാൻ വേണ്ടി ധൃതി കാണിക്ക ൽ അനിവാര്യമാണ്.

❖ നോമ്പുകാരന് സ്വപ്നസ്ഖലനമുണ്ടായാൽ അതു കൊണ്ട് കുഴപ്പമില്ല. അയാൾ നോമ്പ് പൂർത്തിയാക്കി യാൽ മതി.

❖ സ്പർശനം, തുടർച്ചയായ നോട്ടം പോലെ വികാ രം ജനിപ്പിക്കുന്ന വല്ലതുകൊണ്ടും ഇന്ദ്രിയസ്ഖലന മുണ്ടായാൽ അയാൾക്ക് പശ്ചാത്താപം നിർബന്ധമാ ണ്. ആ ദിവസത്തിൽ ബാക്കിയുള്ള സമയം അയാൾ നോമ്പുകാരനെപ്പോലെ തുടരുകയും ശേഷം നോറ്റു വീട്ടുകയും ചെയ്യണം. ഇന്ദ്രിയസ്ഖലനമുണ്ടാവുന്ന വല്ലതും നോമ്പുകാരൻ ചെയ്യുകയും ശേഷം അതി ൽ നിന്നും പിൻമാറുകയും ചെയ്താൽ സ്ഖലനം ഉണ്ടായിട്ടില്ല എങ്കിലും അയാൾ പശ്ചാത്തപിക്കണം. അയാൾ നോറ്റ് വീട്ടേണ്ടതില്ല. വികാരം ജനിപ്പിക്കുന്ന എല്ലാകാര്യങ്ങളിൽ നിന്നും വിട്ടുനിൽക്കൽ നോമ്പു കാരന് നിർബന്ധമാണ്. എന്നാൽ മദ്‌യ് (ലൈംഗിക വിചാരമുണ്ടായാൽ പുറപ്പെടുന്ന നിറമില്ലാത്ത കൊഴു ത്ത ദ്രാവകം) പുറപ്പെടുന്നതുമൂലം നോമ്പ് മുറിയു ന്നതല്ല.

❖ ഛർദ്ദി ഉണ്ടാവുന്നതു മൂലം നോമ്പിന് ഭംഗം വരികയില്ല. എന്നാൽ ഛർദ്ദി ഉണ്ടാക്കിയാൽ നോമ്പ് മുറിയും. അയാൾ ശേഷം നോറ്റു വീട്ടണം. ഛർദ്ദി പല പ്രാവശ്യം ഉണ്ടായാലും നോമ്പ് മുറിയുന്നതാണ്. പല്ലുകൾക്കിടയിൽ കുടുങ്ങി കിടക്കുന്ന വല്ലതും ഉമിനീരിനോടൊപ്പം അറിയാതെ ഇറങ്ങിയാൽ അത് നോമ്പിനെ മുറിക്കുകയില്ല. മനപ്പൂർവ്വം ഇറക്കിയാൽ നോമ്പ് മുറിയും. കൊപ്ലിച്ചു തുപ്പിയ ശേഷം വായിൽ ഉണ്ടാവുന്ന നനവും തണുപ്പും കൊണ്ട് കുഴപ്പമില്ല. അത് ഒഴിവാക്കാൻ നിവൃത്തിയില്ലത്തതാണ്. മോണയിൽ മുറിവുള്ളതു കാരണം അല്ലെങ്കിൽ പല്ലു തേക്കുന്ന അവസരത്തിൽ രക്തം പൊടിഞ്ഞാൽ അത് വയറ്റിലേക്ക് ഇറക്കാവുന്നതല്ല. അബദ്ധത്തിൽ ഇറങ്ങിപ്പോയാൽ കുഴപ്പവുമില്ല. മൂക്കട്ടയും കാർക്കിക്കുമ്പോൾ വരുന്ന കഫവും വായിലേക്ക് എത്തുന്നതിന് മുമ്പ് ഇറങ്ങിയാൽ അത് കൊണ്ട് നോമ്പിന് കുഴപ്പമില്ല. എന്നാൽ വായിൽ എത്തിയ ശേഷം ഇറക്കിയാൽ നോമ്പ് മുറിയുന്നതാണ്.

❖ നോമ്പുകാരന് പല്ലുതേക്കൽ മറ്റു സമയങ്ങളിലെന്നപോലെ റമളാനിന്റെ പകലിലും സുന്നത്താണ്.

❖ പുകവലി നോമ്പ് മുറിക്കുന്ന കാരണങ്ങളിൽപ്പെട്ടതാണ്. പുകവലി, നോമ്പ് ഉപേക്ഷിക്കാൻ തക്കതായ ഒരു കാരണവുമല്ല.

❖ വെള്ളത്തിൽ മുങ്ങിക്കിടക്കുന്നതു കൊണ്ടോ, നനഞ്ഞ തുണി ചുറ്റിക്കെട്ടുന്നത് കൊണ്ടോ നോമ്പിന് ഭംഗം വരികയില്ല. ദാഹമോ ഉഷ്ണമോ അനുഭവപ്പെടുമ്പോൾ തലയിലൂടെ വെള്ളം ഒഴിക്കുന്നതും വിരോധമില്ല.

❖ പ്രഭാതത്തിന് ഇനിയും സമയം ബാക്കിയുണ്ടെന്ന് ധരിച്ച്കൊണ്ട് ഒരാൾ തിന്നുകയോ കുടിക്കുകയോ സംയോഗം ചെയ്യുകയോ ചെയ്തു. ശേഷം പ്രഭാതം പുലർന്നിട്ടുണ്ടെന്ന് അയാൾ മനസ്സിലാക്കി. എങ്കിൽ അയാൾ പ്രത്യേകമായി ഒന്നും ചെയ്യേണ്ടതില്ല.

❖ സൂര്യൻ അസ്തമിച്ചിട്ടുണ്ടെന്ന് വിചാരിച്ച് ഒരാൾ നോമ്പ് മുറിച്ചു. ശേഷം സൂര്യൻ അസ്തമിച്ചിട്ടില്ലെന്ന് അയാൾ കണ്ടാൽ, ഭൂരിപക്ഷം പണ്ഡിതൻമാരുടെയും അഭിപ്രായത്തിൽ അയാൾ നോമ്പ് നോറ്റ് വീട്ടണം. കാരണം യഥാർത്ഥത്തിൽ പകൽ ബാക്കിയാണ്. എന്നാൽ ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ നോറ്റുവീട്ടേണ്ടതില്ല എന്ന അഭിപ്രായക്കാരനാണ്.

❖ ഒരാളുടെ വായിൽ ഭക്ഷണമോ വെള്ളമോ ഉള്ള അവസ്ഥയിൽ പ്രഭാതം പുലർന്നാൽ അവൻ അത് തുപ്പിക്കളഞ്ഞാൽ അവന്റെ നോമ്പ് ശരിയാകും. അതു പോലെത്തന്നെ മറന്നുകൊണ്ട് തിന്നുകയോ കുടിക്കുകയോ ചെയ്ത ഒരാൾ, ഓർമ്മ വന്ന ഉടനെ അത് തുപ്പിക്കളഞ്ഞാൽ അയാളുടെ നോമ്പിന് കുഴപ്പമില്ല.

## സ്ത്രീകൾക്കുള്ള വിധികൾ

❖ ഭർത്താവ് സ്ഥലത്തുള്ളപ്പോൾ, റമളാൻ അല്ലാതെ, അദ്ദേഹത്തിന്റെ സമ്മതം കൂടാതെ ഭാര്യ നോമ്പെടുക്കുവാൻ പാടില്ല. ഭർത്താവ് സ്ഥലത്തില്ലാത്തപ്പോൾ വിരോധമില്ല.

❖ തനിക്ക് സാധാരണ പതിവനുസരിച്ച് നാളെ ആർത്തവം ഉണ്ടാവുമെന്ന് അറിയുന്ന ഒരു സ്ത്രീ, നിയ്യത്തോടെ, നോമ്പിൽ പ്രവേശിക്കണം. രക്തം കാണുമ്പോഴല്ലാതെ അവൾ നോമ്പ് മുറിക്കരുത്.

❖ അല്ലാഹു തനിക്ക് നൽകിയ പ്രകൃതിയിൽ തുടരുന്നതും അവൾക്ക് അല്ലാഹു കണക്കാക്കിയതിൽ തൃപ്തിപ്പെടുന്നതുമാണ് ഒരു സ്ത്രീക്ക് ഏറ്റവും ഉത്തമമായത്. ആർത്തവ രക്തം നിറുത്തുവാൻ വേണ്ടി അവൾ ഒന്നും ചെയ്യരുത്. അല്ലാഹു അവൾക്ക് നൽകിയ, ആർത്തവകാലത്ത് നോമ്പ് ഒഴിവാക്കാനുള്ള അനുവാദവും, ശേഷം നോമ്പ് നോറ്റുവീട്ടുവാനുള്ള കൽപ്പനയും അവൾ സ്വീകരിക്കട്ടെ. ഇങ്ങനെയായിരുന്നുവല്ലോ പ്രവാചകപത്നിമാരും സച്ചരിതരായ വനിതകളുമൊക്കെ ചെയ്തിരുന്നത്. ഇനി ഒരു സ്ത്രീ ആർത്തവം നിർത്തുവാൻ വല്ലതും ചെയ്യുകയും, രക്തം നിലക്കുകയും, അവൾ ശുദ്ധിയാവുകയും, നോമ്പെടുക്കുകയും ചെയ്താൽ അതവൾക്ക് മതിയാകുന്നതാണ്.

❖ ഗർഭത്തിന്റെ പ്രാരംഭദശയിൽ ഒരു സ്ത്രീ ചാപ്പിള്ളയെ പ്രസവിച്ചാൽ, അതിനു കൈകൾ, തല എന്നിങ്ങനെ രൂപങ്ങൾ വന്നുതുടങ്ങിയിട്ടുള്ളതാണെങ്കിൽ, അവൾ പ്രസവിച്ച സ്ത്രീകളിൽ എണ്ണപ്പെടും. അവൾ നോമ്പെടുക്കരുത്. അങ്ങിനെ രൂപഭേദം വന്നുതുടങ്ങിയിട്ടില്ലെങ്കിൽ അവൾ ഇസ്തിഹാളത്ത് ഉള്ളവളാണ്. അവൾക്ക് സാധിക്കുമെങ്കിൽ നോമ്പെടുക്കണം. (ആർത്തവ സമയത്തും പ്രസവ സമയത്തുമല്ലാതെ ഉണ്ടാവുന്ന രക്തസ്രാവമാണ് ഇസ്തിഹാളത്ത്, ഇത് ഒരുതരം ഞരമ്പു രോഗമാണ്. ഈ അവസ്ഥയിൽ അവൾ കുളിക്കുകയും നമസ്കരിക്കുകയും വേണം) പ്രസവിച്ച സ്ത്രീകൾ നാൽപ്പത് കഴിയുന്നതിനു മുമ്പു തന്നെ ശുദ്ധിയായാൽ നോമ്പെടുക്കുകയും നമസ്കാരത്തിനുവേണ്ടി കുളിക്കുകയും വേണം. ശുദ്ധിയായ

ശേഷം പിന്നെയും നാൽപ്പതു പൂർത്തിയാവാൻ വേണ്ടി കാത്തിരിക്കുവാനോ നമസ്കാരവും നോമ്പും ഒഴിവാക്കുവാനോ പെണ്ണിനു പാടുള്ളതല്ല. നാൽപ്പത് വിട്ടു കടന്നശേഷവും രക്തം കാണുന്നുവെങ്കിൽ അത് ഇസ്തിഹാളത്താണ്. അവളുടെ ആർത്തവത്തിന്റെ സമയം ആയിട്ടുണ്ടെങ്കിൽ അത് ആർത്തവവുമാണ്.

❖ ഇസ്തിഹാളത്തിന്റെ രക്തം നോമ്പിന്റെ സ്വീകാര്യതക്ക് തടസ്സമുണ്ടാക്കുകയില്ല.

❖ ഗർഭിണികൾക്കും മുലകൊടുക്കുന്ന സ്ത്രീകൾക്കും നോമ്പ് മുറിക്കാമെന്നതാണ് പ്രബലമായ അഭിപ്രായം. അവർ അവരുടെ മേൽ ഭയപ്പെട്ടാലും അവരുടെ കുഞ്ഞിന്റെ മേൽ ഭയപ്പെട്ടാലും ശരി. അവർ ശേഷം നോറ്റു വീട്ടിയാൽ മാത്രം മതി.

❖ നോമ്പ് നോൽക്കൽ നിർബന്ധമായ ഒരു സ്ത്രീയെ അവളുടെ ഭർത്താവ് അവളുടെ തൃപ്തിയോടെ സംയോഗം ചെയ്താൽ അവൾക്ക് അവന്നുള്ള അതേ നിയമം ബാധകമാണ്. എന്നാൽ കഴിയുന്നതും അവൾ പ്രതിരോധിച്ചിട്ടും അവളുടെ അതൃപ്തിയോടെയാണ് സംയോഗം നടത്തിയതെങ്കിൽ അവൾക്ക് പ്രായശ്ചിത്തം വേണ്ടതില്ല. അവൾ നോറ്റുവീട്ടുന്നത് സൂക്ഷ്മതക്ക് നല്ലതാണ്.

❖ തന്റെ ഭർത്താവിന് സ്വയം നിയന്ത്രിക്കാൻ കഴിയില്ലെന്ന് അറിയുന്ന ഒരു സ്ത്രീ അയാളിൽ നിന്ന് അകന്നു നിൽക്കാൻ ശ്രമിക്കേണ്ടതാണ്. റമളാനിന്റെ പകലിൽ അലങ്കാരം പ്രദർശിപ്പിക്കൽ അവൾ ഒഴിവാക്കേണ്ടതാണ്.

❖ ശൈഖ് മുഹമ്മദ് സ്വാലിഹ് അൽ മുനജ്ജിദിന്റെ വ്രതാനുഷ്ഠാന സംബന്ധമായ ഒരു കൃതിയിൽ നിന്നും

തിരഞ്ഞെടുത്ത ഏതാനും പ്രശ്നങ്ങളാണ് ഇവിടെ പ്രതിപാദിച്ചത്. വിശുദ്ധ റമദാൻ നമ്മുടെ പാപമോക്ഷത്തോടെയും നരകമോചനത്തോടെയും പൂർത്തിയാക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാവട്ടെ. ആമീൻ.

---

സെന്ററിന് വേണ്ടി ഇത് തയ്യാറാക്കിയത്:

**മുഹമ്മദ് കുട്ടി കടന്നമണ്ണ**

*****************

**ഇസ്‌ലാമിനെക്കുറിച്ച് അടുത്തറിയാൻ**

**ബന്ധപ്പെടുക:**

**NICHE OF TRUTH**

COCHIN-18. KALABHAVAN ROAD

Ph. 0484-2367810. Fax. 2380746.

www.nicheoftruth.org-samvadam

وآخر دعوانا أن الحمد لله رب العالمين